# അറിയിപ്പ്

## QCI സർട്ടിഫിക്കറ്റ് കൊണ്ട് ചികിത്സ അനുവദനീയമല്ല.

## അംഗീകൃത യോഗ്യതയും രജിസ്ട്രേഷനും നിർബന്ധം.

Quality Council of India (QCI) യ്ക്ക് ചികിത്സാനുമതി നൽകുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ നൽകാൻ നിയമപരമായ അധികാരമില്ലെന്ന് ഭാരതീയ ചികിത്സാ സമ്പ്രദായങ്ങൾ നിയന്ത്രിക്കുന്ന കേന്ദ്ര കൗൺസിലായ നാഷണൽ കമ്മീഷൻ ഒഫ് ഇന്ത്യൻ സിസ്റ്റം ഒഫ് മെഡിസിൻ (NCISM) അറിയിച്ചതായി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ അറിയിച്ചു.

QCI നടപ്പിലാക്കുന്ന Voluntary Certification Scheme for Traditional Community Healthcare Providers (VCSTCHP) എന്ന പദ്ധതിയുടെ ഭാഗമായി പാരമ്പര്യ വൈദ്യന്മാർക്കും മറ്റും നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് കേരളത്തിൽ വ്യാപകമായി ചികിത്സ നടത്തുന്നത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് ഈ അറിയിപ്പ്.

കേരളത്തിൽ ചികിത്സ നടത്തുന്നതിന് അംഗീകൃത യോഗ്യതയും കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും നിർബന്ധമാണെന്ന് കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, 2021 വ്യക്തമാക്കുന്നു.

Indian Medicine Central Council Act, 1970, National Commission for Indian System of Medicine (NCISM) Act, 2020 എന്നീ നിയമങ്ങൾ പ്രകാരവും അംഗീകൃത യോഗ്യതയുള്ളവർക്ക് മാത്രമേ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ പ്രാക്ടീസ് ചെയ്യാൻ കഴിയുകയുള്ളൂ എന്ന് NCISM അറിയിച്ചിട്ടുണ്ട്.

2018 ലെ സുപ്രീം കോടതി വിധി (Civil Appeal No. 897/2009) പ്രകാരം അംഗീകൃത യോഗ്യതയും രജിസ്ട്രേഷനും ഇല്ലാത്തവർ ചികിത്സ നടത്തുന്നത് നിയമവിരുദ്ധമാണെന്നും, അവർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കണമെന്നും വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, 2021 ലെ വകുപ്പ് 37 പ്രകാരം യോഗ്യതയും രജിസ്ട്രേഷനും ഇല്ലാതെ ചികിത്സ നടത്തിയാൽ 2 ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ പിഴയോ, 1 മുതൽ 4 വർഷം വരെ തടവോ, രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്.

അതിനാൽ, അംഗീകൃത യോഗ്യതയും കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ഇല്ലാതെ ചികിത്സ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കൗൺസിൽ അറിയിച്ചു.

KERALA STATE MEDICAL COUNCILS
RED CROSS ROAD
THIRUVANANTHAPURAM
695 035
KERALA, INDIA

രജിസ്ട്രാർ